DESPATCHED
On..13/12/23..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 229*(2)/2021*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **2967** */എസ്.ഐ.സി–ജി 6/21)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.എം.സി.രത്നാകരൻ,
അഡ്വക്കേറ്റ്, 42/3509,
2nd Floor, ആർ.എം.സ്റ്റോറിന് എതിർവശം,
ചേറൂട്ടി റോഡ്, കോഴിക്കോട്,
പിൻ – 673 001.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി ഡയറക്ടർ,
ട്രഷറി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ട്രഷറി ഡയറക്ടർ,
ട്രഷറി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17.09.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.02.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 25.02.2021 |
| ഹിയറിംഗ് നടന്ന തീയതി | 27.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തെറ്റായ മറുപടിയാണ് ലഭിച്ചതെന്നാണ്.

2.അപ്പീൽ ഹർജിക്കാരൻ 22.06.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. 16.04.2020ലെ സ.ഉ.(സാദ)2087/2020/ധനം പ്രകാരം ജില്ലാ ട്രഷറി ഓഫീസറായി പ്രൊമോട്ടു ചെയ്യപ്പെട്ട കെ.ടി.ഷൈലജ തനിക്ക് കണ്ണൂരിൽ ഒഴിവു വരുന്ന തസ്തികയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്ന് കാണിച്ചു നൽകിയ അപേക്ഷ ടി ഓഫീസിൽ എന്നാണ് ലഭിച്ചതെന്നും
2. 18.05.2020ലെ സ.ഉ(സാദ)3058/2020/ധനം ഉത്തരവിനായുള്ള പ്രൊപ്പോസൽ എന്നാണ് ഗവ.സെക്രട്ടറിയ്ക്ക് സമർപ്പിച്ചതെന്നും
3. ടി പ്രൊപ്പോസലിൽ കണ്ണൂർ ജില്ലാ ട്രഷറി ഓഫീസറുടെ ഒഴിവുള്ള തസ്തികയിലേയ്ക്ക് ശ്രീമതി കെ.ടി ഷൈലജയുടെ അപേക്ഷ നിലവിലുണ്ടെന്ന കാര്യം പരാമർശിച്ചിരുന്നോയെന്നും
4. പരാമർശം നടത്തിയിട്ടുണ്ടെങ്കിൽ നോട്ടു ഫയലിന്റെ ബന്ധപ്പെട്ട പേജിന്റെയും തൊട്ട് മുൻപിലും പുറകിലും ഉള്ള പേജുകളുടെയും പകർപ്പ് അനുവദിക്കണമെന്നും
5. 18.05.2020ലെ ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലാ ട്രഷറി ഓഫീസറായി നിയമനം കിട്ടിയ വ്യക്തി തനിക്ക് കണ്ണൂരിൽ നിയമനം നൽകണമെന്നു കാണിച്ച് അപേക്ഷ നൽകിയിരുന്നോയെന്നും ഉണ്ടെങ്കിൽ അപേക്ഷയുടെ പകർപ്പ് അനുവദിക്കണമെന്നും തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 29.07.2020ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 17.09.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ

അപേക്ഷയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ടിയാന്റെ 22.06.2020ലെ രണ്ട് അപേക്ഷകളും 25.07.2020ൽ ടി ഓഫീസിൽ ലഭിക്കുകയും ആയതിന് 24.07.2020ലെ കത്തുകൾ പ്രകാരം മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ അപേക്ഷയിലെ ക്രമനമ്പർ 2, 3 എന്നിവയ്ക്ക് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

2. ട്രഷറി വകുപ്പിൽ സ്ഥലംമാറ്റത്തിന് ബാധകമായ മറ്റു ഉത്തരവുകളോ സർക്കുലറുകളോ നിർദ്ദേശങ്ങളോ നിലവിലില്ലെന്നും 20.02.2017ലെ സ.ഉ(പി)നം.3/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് മാത്രമാണ് നിലവിലുള്ളതെന്നും
3. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ചട്ടങ്ങളുമാണ് ട്രഷറി വകുപ്പിലും സ്ഥലമാറ്റത്തിന് ബാധകമെന്നും ട്രഷറി വകുപ്പിന് പ്രത്യേകം ചട്ടങ്ങൾ നിവിലില്ല എന്നും ടി ചട്ടങ്ങളിൽ എന്തെങ്കിലും സ്പഷ്ടീകരണം ആവശ്യമെങ്കിൽ പ്രസ്തുത വകുപ്പിന് അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്നുമാണ് അറിയിച്ചത്.

3. 19.03.2021ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 22.6.2020 തീയതി വച്ചുള്ള രണ്ടു വിവരാവകാശ അപേക്ഷകൾ 25.06.2020നും 15.12.2020 തീയതി വച്ചുള്ള ഒരു അപേക്ഷ 18.12.2020നും 08.03.2021 തീയതിയായുള്ള അപേക്ഷ 12.03.2021നും ടി ഓഫീസിൽ ലഭിച്ചുവെന്നും ടി അപേക്ഷകളിൽ ഒന്നിൽ 4 ചോദ്യവും മറ്റൊന്നിൽ 7 ചോദ്യവും 15.12.2020ലെ അപേക്ഷയിൽ 6 ചോദ്യവുമാണ് ഉണ്ടായിരുന്നതെന്നും എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായി എസ്.പി.ഐ.ഒ. 24.07.2020, 29.07.2020, 13.01.2021 തീയതികളായി മറുപടി നൽകിയിട്ടുണ്ടെന്നും 12.03.2021ന് ടി ഓഫീസിൽ ലഭിച്ച വിവരാവകാശ അപേക്ഷയിന്മേൽ സമയബന്ധിതമായി മറുപടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുവെന്നുമാണ്.

എന്നാൽ ലഭ്യമാക്കിയ വിവരങ്ങളിൽ ചിലത് തൃപ്തികരമല്ലെന്നും 22.6.2020ലെ ഒരു അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്നും അറിയിച്ച് രണ്ടു

അപേക്ഷയ്ക്കും കൂടി ഹർജിക്കാരൻ സമർപ്പിച്ച 12.08.2020 തീയതി വച്ചുള്ള ഒരു അപ്പീൽ 17.08.2020നു ടി ഓഫീസിൽ ലഭിച്ചുവെന്നും ടിയാന്റെ അപേക്ഷകളിന്മേൽ ടി ഓഫീസിലെ എസ്.പി.ഐ.ഒ. സ്വീകരിച്ച നടപടിയിലും നൽകിയ മറുപടിയിലും അപാകതയെന്നുമില്ലെന്ന് അറിയിക്കുകയും ടിയാൻ മറുപടി ലഭിച്ചില്ലെന്നറിയിച്ച അപേക്ഷയ്ക്ക് ടി ഓഫീസിൽ നിന്നു നൽകിയ മറുപടി കത്തിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയും 12.09.2020ലെ അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

തുടർന്ന് ഹർജിക്കാരന്റെ 15.12.2020ലെ അപേക്ഷയ്ക്ക് 13.01.2021ന് ലഭിച്ച കത്തിലെ വിവരങ്ങൾ തൃപ്തികരമല്ലെന്നറിയിച്ച് 17.02.2021ന് ടി ഓഫീസിൽ ലഭിച്ച അപ്പീൽ ഹർജി പരിശോധിച്ച് 13.03.2021ലെ കത്തു പ്രകാരം വ്യക്തമായും വിശദമായും മറുപടി നൽകുകയും ടി കാര്യാലയത്തെ മുൻകൂട്ടി അറിയിച്ച് വിവരാവകാശ നിയമം അനുശാസിക്കുന്ന വിധം ഓഫീസ് പ്രവൃത്തി സമയത്ത് നേരിട്ടെത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ അപേക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിക്കാമെന്നും ഹർജിക്കാരനെ അറിയിച്ച് അപ്പീൽ തീർപ്പാക്കിയെന്നുമാണ്. എന്നാൽ 15.02.2021ന് ഒന്നാം അപ്പീൽ അധികാരിയ്ക്ക് സമർപ്പിച്ച അപ്പീലിനുള്ള മറുപടി ലഭിക്കുന്നതിനു മുമ്പ് തന്നെ ഹർജിക്കാരൻ കമ്മീഷനു രണ്ടാം അപ്പീൽ സമർപ്പിച്ചിരിക്കുന്നു എന്നുമാണ്.

ഹർജിക്കാരന്റെ അപ്പീൽ ഹർജിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും എന്നാൽ ടിയാന് വിവരം ലഭിക്കുകയെന്ന ഉദ്ദേശത്തെക്കാൾ സർക്കാർതലത്തിൽ തീരുമാനം കൈക്കൊള്ളേണ്ട ടി വിഷയത്തിന്മേൽ നൽകിയ വിവരങ്ങൾ സ്വയം വിശകലനം ചെയ്ത് അതിനുള്ള സ്പഷ്ടീകരണം ആവശ്യപ്പെടുകയും കുറ്റപ്പെടുത്തുകയും അതിലൂടെ സത്യസന്ധമായി ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരെ മാനസികമായി തകർക്കുന്ന രീതിയിൽ വിവരാവകാശ നിയമം ദുരുപയോഗം ചെയ്യുന്നുവെന്നുമാണ്. കൂടാതെ ഹർജിക്കാരൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷകളെല്ലാം തന്നെ 16.04.2020ലെ കത്തു പ്രകാരം ജില്ലാ ട്രഷറി ഓഫീസറായി ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീമതി കെ.ടി.ശൈലജയ്ക്ക് അവരുടെ താല്പര്യമനുസരിച്ച് സ്ഥലംമാറ്റം നൽകിയില്ലെന്ന വിഷയവുമായി ബന്ധപ്പെട്ടാണ് നൽകിയി

രിക്കുന്നതെന്നും വകുപ്പിലെ മറ്റു എസ്.പി.ഐ.ഒ. മാരിൽ നിന്നും ഇതേ വിഷയത്തിൽ വിവരങ്ങൾ ശേഖരിക്കുകയും അവ തമ്മിൽ താരതമ്യം ചെയ്ത് ഭരണപരമായ നടപടിക്രമങ്ങളിലെ ശരിയും തെറ്റും സ്വയം വ്യാഖ്യാനിച്ചും വിശകലനം ചെയ്തും ടി ഓഫീസിലെ എസ്.പി. ഐ.ഒ.യും അതിനുമുകളിൽ ഒന്നാം അപ്പീൽ അധികാരിയും തങ്ങളുടെ ഉത്തമവിശ്വാസത്തിൽ നൽകിയ വിവരങ്ങളിന്മേൽ ബഹു.കമ്മീഷൻ മുമ്പാകെ അപ്പീൽ നൽകുകയാണ് ചെയ്തിരിക്കുന്നതെന്നുമാണ്.

ടി സാഹചര്യത്തിൽ ഉത്തമവിശ്വാസത്തിൽ ഒന്നാം അപ്പീൽ അധികാരിയെന്ന നിലയിൽ സ്വീകരിച്ച നടപടി അംഗീകരിച്ച് തീർപ്പാക്കണമെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടന്ന് കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. തെറ്റായ മറുപടിയാണ് ലഭ്യമാക്കിയതെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമനമ്പർ 3, 7 എന്നീ ഇനങ്ങൾക്ക് തെറ്റായ മറുപടിയാണ് നൽകിയതെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദഷ്ട്യാ കുറ്റക്കാരാനണെന്നു കാണുന്നതിനാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/